# കേരള സർവകലാശാല

നം.പി.ആർ.203/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### പ്രാക്ടിക്കൽ

2019 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്.സി ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി, ബി.എസ്.സി ബയോടെക്നോളജി (മൾട്ടിമേജർ) പരീക്ഷകളുടെ കെമിസ്ട്രി പ്രാക്ടിക്കൽ ഒക്ടോബർ 4 മുതൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്.സി ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (വൊക്കേഷണൽ – മൈക്രോബയോളജി) പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബർ 3 മുതൽ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ജൂലൈയിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് നാലാം സെമസ്റ്റർ ബി.സി.എ ഡിഗ്രി കോഴ്സിന്റെ പ്രാക്ടിക്കൽ ഒക്ടോബർ 3 ന് അതതു കോളേജുകളിൽ വെച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

ഏഴാം സെമസ്റ്റർ ബി.ടെക് (2013 സ്കീം) ജൂലൈ 2019 (സപ്ലിമെന്ററി) ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് ബ്രാഞ്ചിന്റെ പ്രാക്ടിക്കൽ ഒക്ടോബർ 3, 4 തീയതികളിൽ നടക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സൂക്ഷ്മപരിശോധന

2019 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ, 2019 ഏപ്രിലിൽ നടത്തിയ രണ്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എൽ.എൽ.ബി പരീക്ഷകളുടെ സൂക്ഷ്പരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി കാർഡും ഹാൾടിക്കറ്റുമായി റീവാല്യുവേഷൻ സെക്ഷനിൽ (ഇ.ജെ X) സെപ്റ്റംബർ 27 മുതൽ ഒക്ടോബർ 1 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

### മൂല്യനിർണ്ണയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതല്ല

2019 സെപ്റ്റംബർ 27 ന് നടക്കുന്ന സർവകലാശാല കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് പ്രമാണിച്ച് സർവകലാശാല നടത്തി വരുന്ന തിരുവനന്തപുരം, കൊല്ലം, പന്തളം, ആലപ്പുഴ എന്നിവിടങ്ങളിലെ നാലാം സെമസ്റ്റർ എം.എ/എം.എസ്.സി/എം.കോം/എം.എസ്.ഡബ്ല്യൂ/എം.പി.എ/എം.എം.സി.ജെ/എം.എ.എച്ച്.ആർ.എം (റെഗുലർ/സപ്ലിമെന്ററി/മേഴ്സിചാൻസ്) സെപ്റ്റംബർ 2019 പരീക്ഷകളുടെ മൂല്യനിർണ്ണയത്തിനായി രൂപീകരിച്ച കേന്ദ്രീകൃത മൂല്യനിർണ്ണയ കേന്ദ്രങ്ങൾ സെപ്റ്റംബർ 27 ന് പ്രവർത്തിക്കുന്നതല്ല.

## എം.ഫിൽ പ്രോഗ്രാം

സർവകലാശാലയുടെ എം.ഫിൽ പ്രോഗ്രാമിന് അപേക്ഷിക്കുകയും പ്രവേശന പരീക്ഷ, അഭിമുഖ പരീക്ഷ എന്നിവയിൽ പങ്കെടുക്കുകയും ചെയ്ത ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾ ഭിന്നശേഷി തെളിയിക്കുന്ന രേഖകൾ, അപേക്ഷയുടെ പകർപ്പ് എന്നിവ ഒക്ടോബർ 4 ന് മുൻപ് ഡെപ്യൂട്ടി രജിസ്ട്രാർ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം, കേരള സർവകലാശാല, കാര്യവട്ടം 695581 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്.

## പരീക്ഷാകേന്ദ്രം

2019 ഒക്ടോബർ 9 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി.എസ്.സി മാത്തമാറ്റിക്സ് (വിദൂരവിദ്യാഭ്യാസം - 2017 അഡ്മിഷൻ) പരീക്ഷയ്ക്ക് തിരുവനന്തപുരം ഗവൺമെന്റ് ആർട്സ് കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചവർ സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ, കേരള സർവകലാശാല, പാളയത്തും മറ്റു കേന്ദ്രങ്ങളിൽ അപേക്ഷിച്ചവർ അതാത് കേന്ദ്രങ്ങളിലും പരീക്ഷ എഴുതേണ്ടതാണ്.

## പരീക്ഷാഫലം

2019 ഫെബ്രുവരിയിൽ നടത്തിയ അഞ്ചാം സെമസ്റ്റർ, മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം) (2014 സ്കീം - റെഗുലർ, ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി, 2011 സ്കീം - സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 11 വരെ അപേക്ഷിക്കാം.

## പരീക്ഷാഫീസ്

ജൂലൈ 18 ാം തീയതിയിലെ വിജ്ഞാപന പ്രകാരം ഒക്ടോബർ 1 ന് ആരംഭിക്കേണ്ടിയിരുന്ന പാർട്ട് മൂന്ന് ബി.കോം ആന്വൽ (എസ്.ഡി.ഇ, പ്രൈവറ്റ്) മേഴ്സിചാൻസ് പരീക്ഷകൾ നവംബർ 20 ാം തീയതിയിലേക്ക് നീട്ടിയിരിക്കുന്നു. പ്രസ്തുത പരീക്ഷയ്ക്ക് 400 രൂപ പിഴയോടെ നേരിട്ട് അപേക്ഷിക്കാനുള്ള അവസാന തീയതി ഒക്ടോബർ 23. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പെൻഷൻകാരുടെ ശ്രദ്ധയ്ക്ക്

സർവകലാശാലയിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവർ 2019 - 20 സാമ്പത്തിക വർഷം ആദായ നികുതിയുടെ പരിധിയിൽ വരുന്നുണ്ടെങ്കിൽ ഒക്ടോബർ 20 ാം തീയതിക്കകം നിർബന്ധമായും നിർദ്ദിഷ്ട ഫോർമാറ്റിൽ ആദായ നികുതി സ്റ്റേറ്റ്മെന്റ്/അനുബന്ധ രേഖകൾ (ഇതുവരെ സമർപ്പിച്ചിട്ടില്ലെങ്കിൽ) പെൻഷൻ സെക്ഷനിൽ സമർപ്പിക്കണം. സ്റ്റേറ്റ്മെന്റിന്റെ മാതൃകയും വിവരങ്ങളും www.kufinance.info എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

തിരുവനന്തപുരം.
26.09.2019

പബ്ലിക് റിലേഷൻസ് ഓഫീസർ

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**